**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5158** **27.06.2019 - ൽ മറുപടിയ്ക്ക്**

## റെസ്പിറേറ്ററി ടെക്നീഷ്യൻ

| | ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ റെസ്പിറേറ്ററി ടെക്നീഷ്യൻ തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിലുള്ള ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | റെസ്പിറേറ്ററി ടെക്നീഷ്യൻ ഉൾപ്പടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ തസ്തികകൾക്കായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച കരട് വിശേഷാൽ ചട്ടം 'Secretaries Committee' യിൽ ചർച്ച ചെയ്തിരുന്നു. Secretaries Committee തീരുമാനപ്രകാരം ഭേദഗതി വരുത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച കരട് വിശേഷാൽ ചട്ടം ആരോഗ്യ വകുപ്പ് പരിശോധിക്കുകയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തിരുന്നു. നിലവിൽ കരട് വിശേഷാൽ ചട്ടം നിയമവകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത ചട്ടങ്ങളിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ റെസ്പിറേറ്ററി ടെക്നീഷ്യൻ കോഴ്സ്, അടിസ്ഥാന യോഗ്യതയാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | കരട് വിശേഷാൽ ചട്ടത്തിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന Diploma in Respiratory Technology (DRT)" കോഴ്സ് റെസ്പിറേറ്ററി ടെക്നീഷ്യൻ തസ്തികയുടെ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ റെസ്പിറേറ്ററി ടെക്നീഷ്യൻ തസ്തികയ്ക്ക് കേരള പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ? | (സി) | ഇല്ല |

സെക്ഷൻ ആഫീസർ